"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (ജി)വകുപ്പ്

നം.ജി3/63/2024/പൊവിവ 27-03-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതു വിദ്യാഭ്യാസ വകുപ്പ്- പെരുവള്ളൂർ നജാത്ത് ഹയർ സെക്കന്ററി സ്കൂൾ മാനേജ്മെന്റ് നവകേരള സദസ്സ് മുഖേന സമർപ്പിച്ച നിവേദനം സംബന്ധിച്ച്-

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പെരുവള്ളൂർ നജാത്ത് ഹയർ സെക്കന്ററി സ്കൂൾ മാനേജ്മെന്റ് നവകേരള സദസ്സ് മുഖേന സമർപ്പിച്ച നിവേദനം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു. നിവേദനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
ജയകുമാർ സി എസ്
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Savitha.s
Date: 27-03-2024 13:31:53
സെക്ഷൻ ഓഫീസർ

പകർപ്പ് :-പൊതു വിദ്യാഭ്യാസ (എം),(ഡി),(എസ്.സി) വകുപ്പുകൾക്ക്
( നിവേദനം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി പകർപ്പ് സഹിതം)

No. M(G.Edn & L)/........./.........

നവകേരള സദസ്സ്


**NAJATH**
**HIGHER SECONDARY SCHOOL**
Recognised by Govt. of Kerala, U-DISE Code: 32051301001

PERUVALLUR (PO)
MALAPPURAM-673638
Ph: 9496 924 750, 9496 924 750
E-mail: najathhss@yahoo.com


Ref:                                                                                    Date: ...............

ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന നവകേരള യാത്രയിൽ, ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ സമക്ഷത്തിലേക്ക് പെരുവള്ളൂർ നജാത്ത് ഹയർസെക്കണ്ടറി സ്കൂൾ മാനേജ്മെന്റ് സമർപ്പിക്കുന്ന നിവേദനം

സാർ

1994-മുതൽ പെരുവള്ളൂർ ആസ്ഥാനമായി പ്രവർത്തിച്ച് വരുന്ന ഒരു സർക്കാർ അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളാണ് നജാത്ത് ഹയർസെക്കണ്ടറി സ്കൂൾ. കഴിഞ്ഞ 29 വർഷമായി ഈ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി നേതൃപരമായ പ്രവർത്തനം കാഴ്ചവെക്കാൻ നാജാത്തിന് സാധിച്ചിട്ടുണ്ട്.

വി. ശിവൻകുട്ടി
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി

എന്നാൽ താഴെ നൽകിയ വിഷയങ്ങൾ സ്കൂളിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. അതിനാൽ ഈ വിഷയങ്ങൾ പരിഗണിച്ച് അടിയന്തിര പരിഹാരം കാണണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

## 1) സ്കൂൾ ബസുകളുടെ നികുതി

സ്കൂൾ ബസുകൾക്ക് നിലവിൽ അമിതമായ നികുതിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. വാർഷിക നികുതി 4000/- രൂപ അടച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 27 സീറ്റുകളുള്ള ഒരു ബസിന് 10800/- രൂപ നികുതി അടക്കുന്നുണ്ട്. ഇത് സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം വലിയൊരു ബാധ്യതയാണ്. ഈ അധിക നികുതി മുമ്പുണ്ടായിരുന്നതുപോലെ 4000/- രൂപയാക്കി കുറക്കുക.

## 2) പാഠപുസ്തക വിതരണം

സർക്കാർ/എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്ന പാഠപുസ്തകങ്ങൾ ഞങ്ങളുടെ വിദ്യാർത്ഥികൾ മുൻകൂർ പണമടച്ചാണ് വാങ്ങുന്നത്. എന്നാൽ അദ്ധ്യായന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ പണമടച്ചിട്ടും, സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ സൗജന്യ പാഠപുസ്തക വിതരണം

കഴിഞ്ഞിട്ടാണ് ഞങ്ങൾക്ക് പാഠപുസ്തകങ്ങൾ ലഭിക്കുന്നത്. പലപ്പോഴും പാഠഭാഗങ്ങൾ ഒരുപാട് മുന്നോട്ട് പോയതിന് ശേഷമാണ് ഓരോ ടേമിന്റേയും പുസ്തകങ്ങൾ ലഭിക്കുന്നത്. ഇത് വിദ്യാർത്ഥികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു.

അതിനാൽ താങ്കൾ ഈ വിഷയം ഗൗരവമായെടുത്ത്, പാഠപുസ്തങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നമെന്ന് പ്രതീക്ഷിക്കുന്നു.

**3) ട്രെയ്നിംഗുകൾ**

അദ്ധ്യാപകർക്ക് നൽകുന്ന ട്രെയ്നിംഗുകൾ പലപ്പോഴും ലഭിക്കാറില്ല. അദ്ധ്യാപക ട്രെയ്നിംഗുകളിൽ എല്ലാ അദ്ധ്യാപകരെയും പങ്കെടുപ്പിക്കുക.

**4) ലിറ്റിൽ കൈറ്റ്സ്**

കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സ് അൺഎയ്ഡഡ് സ്കൂൾ ആയതിനാൽ ഞങ്ങളുടെ സ്കൂളിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഇത് പരിഹരിക്കുക.

**5) NMMS സ്കോളർഷിപ്പ് പരീക്ഷ**

NMMS സ്കോളർഷിപ്പ് പരീക്ഷ നിലവിൽ അൺഎയ്ഡഡ് മേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എഴുതാനുള്ള അവസരമില്ല. അതിനാൽ ഈ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വലിയൊരു അവസരമാണ് നഷ്ടമാകുന്നത്. അതിനാൽ ഇവർക്കു കൂടി NMMS പരീക്ഷ എഴുതാനുള്ള അവസരം അനുവദിക്കുക.

**6) പൊതു പരീക്ഷകളുടെ ചിലവുകൾ നൽകുക.**

നിലവിൽ എസ്.എസ്.എൽ.സി, ഹയർസെക്കണ്ടി പൊതുപരീക്ഷ കൾക്ക് ചെലവായ തുക (പരീക്ഷാ ഡ്യൂട്ടിക്ക് വരുന്ന അദ്ധ്യാപകരുടെ Remunaration ഉൾപ്പെടെ) അൺഎയ്ഡഡ് മേഖലയിലെ സ്കൂൾ ആയതിനാൽ അനുവദിക്കുന്നില്ല. ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ അടക്കുന്ന പോലെ പരീക്ഷാ ഫീസ് ഇവിടെ പഠിക്കുന്ന വിദ്യാത്ഥികളും അടക്കുന്നുണ്ട്. അതിനാൽ പരീക്ഷാ ചെലവ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**7) ഇലക്ട്രിസിറ്റി ബിൽ താരീഫ് പുനർനിർണയിക്കുക**

സ്കൂളുകളുടെ ഇലക്ട്രിസിറ്റി ബിൽ താരീഫ് ഗാർഹിക ആവശ്യങ്ങൾക്ക് നൽകുന്ന താരീഫിലേക്ക് മാറ്റുക.

മുകളിൽ നൽകിയ വിഷയങ്ങളിൽ അനുകൂലമായ നടപടികൾ സ്വീകരിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

***ഫോൺ നമ്പർ: 98 47 620 262***

പെരുവള്ളൂർ

28/11/2023

MANAGER
Najath Higher Secondary School
Peruvallur - 673 638

NAJATH HIGHER SECONDARY SCHOOL * PERUVALLUR *
Ungulgal
Peruvallur P.O.
673 638
Date............